# അവതാരിക



എന്റെ ഹൃദയവും ജീവിതവും യേശുവിനു സമർപ്പിച്ചു. എന്റെ കർത്താവായി യേശുവിനെ അംഗീകരിച്ചു. എന്റെ ജീവിതത്തിനു വ്യതിയാനം വന്ന ഇരുപതാം വയസിൽ, 1956 സെപ്ററബറിൽ, ക്രിസ്തുവുമായുള്ള എന്റെ ബന്ധം ആരംഭിച്ചു. അന്നുമുതൽ അവിടുത്തെ സ്നേഹം അനേകരുമായി പങ്കിട്ടും ക്രിസ്തുവിനോടു ചേർന്നുള്ള അവരുടെ യാത്രയിൽ വളർച്ച പ്രാപിക്കേണ്ടതിനു പരിശീലനം നൽകിയും ക്രിസ്തുവിനെ സ്നേഹിക്കുന്നതും വിശ്വസ്തതയോടു കൂടെ സേവിക്കുന്നതും എന്റെ അവകാശവും അഭിമാനവും ആയി തീർന്നിരിക്കുന്നു.

എന്നാൽ സുവിശേഷീകരണത്തിനും ശിഷ്യത്വത്തിനും ഉപയോഗിക്കാൻ എളുപ്പമായ സംക്ഷിപ്തവും ലഘുവും ആയ കൃതികളൊന്നും ഇല്ലായെന്നു കഴിഞ്ഞ ചില വർഷങ്ങളായി ഞാൻ കണ്ടെത്തി. തൽഫലമായി ക്രിസ്തു കേന്ദ്രിതവും വായനാടിസ്ഥാനവും പ്രായോഗികവും കൈമാറാൻ സാധിക്കു- ന്നതുമായ ഈ ലഘു ക്രിതി ഞാൻ രചിച്ചതു പലരും കഴിഞ്ഞ പല വർഷങ്ങൾ പ്രായോഗികമാക്കിയതാണ്.

ഈ പ്രധാന വിഷയങ്ങളെ കുറിച്ചു അനേകം മഹത്തായ പുസ്തകങ്ങളും ലഘുലേഖനങ്ങളും എഴുതപ്പെട്ടിട്ടുണ്ടെങ്കിലും സംക്ഷിപ്തമായതും ഉപയോഗിക്കാനും ഗ്രഹിക്കാനും അനായാസമായ ചില കൃതികൾ രചിക്കണമെന്നു ഞാൻ ആഗ്രഹിച്ചു.

ശക്തി ഭാണ്ഡം (**PowerPack**) എന്നു ഞാൻ നാമകരണം ചെയ്യ്തിരിക്കുന്ന ഈ കൃതി 'ഞാൻ നിങ്ങളോടു കൽപ്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ' (മത്തായി 28:20) എന്ന ക്രിസ്തുവിന്റെ മഹാനിയോഗം നിറവേററുവാൻ സഹായിക്കുന്നതിനു നിങ്ങളെ സജ്ജീകരിക്കാൻ ഉതകുന്നതാണ്.

ക്രിസ്തുവിനുവേണ്ടി മററുള്ളവരെ നേടാനും പണിയാനും അയക്കുവാനും നിങ്ങളെ സഹായിക്കാനും കർത്തൃനാമ മഹത്വത്തിനു വേണ്ടി നിങ്ങളെ ഉപയോഗിക്കുവാനും നമ്മുടെ അത്ഭുതവാനായ കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ!

## How To Obtain More Copies Of The Power Pack

1. You may purchase additional copies from the address below. However, please do not change the content in any way.
2. Feel free to make your own copies via a copy machine. The entire booklet or one or more of the individual pages can be reproduced.
3. You may download and print additional copies from our website.

For additional copies, please contact:

Wayne Shuart ♦ 3017 E. Stella Lane ♦ Phoenix, AZ 85016
wayne@PowerPackInfo.com
www.PowerPackInfo.com

© 2006 Shuart Development Company

# ഉള്ളടക്കം


പരിശുദ്ധാത്മാവ് ........ 1

ക്രിസ്തുവിനുവേണ്ടി സാക്ഷിയാകുക ........ 2

വിജയകരമായ സാക്ഷ്യം ........ 4

നിങ്ങളുടെ വ്യക്തിഗത സാക്ഷ്യം എപ്രകാരം ........ 5
തയ്യാറാക്കി അവതരിപ്പിക്കണം

സാക്ഷ്യ ശില്പതാൾ ........ 7

ഉന്നം വെയ്യ്ക്കൽ ........ 8

സുവിശേഷ രൂപാന്തരങ്ങൾ ........ 9-11

ശിഷ്യത്വം ........ 12-13


ആത്മീയ വളർച്ചയ്ക്കുള്ള 4 സംഭാഷണങ്ങൾ ........ 14

ദൈവ വചനം ഫലപ്രദമായി എങ്ങനെ പഠിപ്പിക്കണം ........ 15-16

ചെറിയ സംഘ പരിശീലനം ........ 17-18

നിങ്ങളുടെ ബൈബിൾ എങ്ങനെ പഠിക്കണം ........ 19-21


# പരിശുദ്ധാത്മാവ്



പരിശുദ്ധാത്മാവിന്റെ വ്യക്തിത്വവും ശുശ്രൂഷയും പോൽ പ്രാധാന്യമേറിയ (അല്ലായെങ്കിൽ ക്രിസ്ത്യാനികൾ പഠിക്കാനും ഗ്രഹിക്കാനും ഉതകുന്ന) മർമ്മ പ്രധാനമായ പാഠം വെറെയില്ല. അവിടുത്തെ ജീവിതവും, നമ്മുടെ ജീവിതങ്ങൾക്കു ശക്തി നൽകുന്നതും നാം അനുഭവിച്ചറിയുമ്പോൾ, ക്രിസ്തുവിന്റെ സ്നേഹവും ജീവിതവും നാം മററുള്ളവരിൽ പ്രതിഫലിപ്പിയ്ക്കുകയും മഹാനിയോഗം നിർവഹിക്കുവാൻ പ്രകൃതിയ്ക്കതീതമായി നമ്മെ സജ്ജീകരിക്കുവാൻ സഹായിക്കുകയും ചെയ്യും.

1. അവൻ ആർ? അവൻ ദൈവം ത്രീത്വത്തിൽ മൂന്നാമനായ ദൈവം (മത്തായി 28:19–20)
2. അവൻ വ്യക്തിയാണ് (യോഹന്നാൻ 16:13)
3. അവൻ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു (അവിശ്വാസികൾക്കു) ബോധം വരുത്തും (യോഹന്നാൻ 15:26)
4. അവൻ ക്രിസ്തുവിനെ കുറിച്ചു സാക്ഷ്യം (വിവരണം) പറയും. (യോഹന്നാൻ 15:26)
5. അവൻ നമ്മെ സകല സത്യത്തിലും വഴി നടത്തും. (യോഹന്നാൻ 16:13)
6. ഒരു വ്യക്തി വീണ്ടും ജനിക്കുമ്പോൾ അവൻ പുതു ജനനം നൽകുന്നു. (യോഹന്നാൻ 3:5-6)
7. അവൻ ഓരോ വിശ്വസിയിലും ജീവിക്കുന്നു. ( 1 കൊരിന്ത്യർ 6: 19-20)
8. ദൈവത്തിന്റെ ആത്മീയ വരങ്ങളുടെ ഉറവിടം അവനാണ്. (1 കൊരിന്ത്യർ 12: 1-11)
9. ദൈവത്തിന്റെ ഫല(സ്വഭാവ വൈശിഷ്ട്ടങ്ങൾ)ത്തിന്റെ ഉറവിടമാണവൻ. (ഗലാത്യർ 5: 22-23)
10. ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ അവൻ ശക്തി നൽകുന്നു. (അപ്പെ 1:8)
11. പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവാൻ (നിയന്ത്രിക്കപ്പെടുവാൻ) ദൈവം നമ്മോടു കല്പ്പിക്കുന്നു. (എഫെസ്യർ 5:8)

# ക്രിസ്തുവിനു വേണ്ടി സാക്ഷിയാകുക



കർത്താവായ യേശു ക്രിസ്തുവിന്റെ ഫലവത്തായ സാക്ഷിയാകുന്നതിനും മററുള്ളവരെ അവനു വേണ്ടിനേടുന്ന വൻ ക്രിയയിൽ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ ക്രോഡികരിച്ചതാണ്.

1. ആദ്യമായി, നിങ്ങൾ സ്വന്ത രക്ഷയെക്കുറിച്ചു പൂർണ്ണ ബോധ്യം ഉള്ളവരായിരിക്കണം. നിങ്ങൾക്കു നിത്യ ജീവൻ ഉണ്ടെന്നു നിങ്ങൾ അറിഞ്ഞിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. (1യോഹന്നാൻ 5:13)

2. വാസ്തവമായും ഫലപ്രദമാകണമെങ്കിൽ നിങ്ങളുടെ ജീവിതത്തെ സമ്പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിക്കുകയും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറയപ്പെടുകയും വേണം. നിറയപ്പെടുന്നതിന്റെ ഉദ്ദേശ്യം ശക്തി ലഭിക്കേണ്ടതിനും ക്രിസ്തുവിന്റെ സാക്ഷിയാകുന്നതിനും വേണ്ടി ആഗ്രഹിക്കാനും ആണ്. (അപ്പെ.പ്രവർത്തി 1:8, 4:31, 9:17, 20)

3. വിജയകരമായ സാക്ഷ്യം പഠിച്ച് പ്രായോഗികമാക്കുക. പരിശുദ്ധാത്മ ശക്തിയാൽ യേശു ക്രിസ്തുവിനെ മററുള്ളവരുമായി പങ്കിടുന്നതിനു മുൻകൈ എടുക്കുക. ഫലങ്ങൾ ദൈവത്തിനു വിട്ടു കൊടുക്കുക.

4. ദൈവത്തെക്കുറിച്ചുള്ള 'കർമ്മ വ്യാപൃത അറിവ് പഠിച്ച് വികസിപ്പിക്കുക. ദൈവ വചനം നിങ്ങളുടെ ഹൃദയത്തിൽ സംഗ്രഹിച്ചു വെച്ചാൽ ചിലരെ ക്രിസ്തുവിങ്കലേക്ക് നടത്തുന്നതിനു പരിശുദ്ധാത്മാവ് അത് ഉപയോഗിക്കും. (2 തിമൊ 2:15)

5. നിങ്ങളെ ഭൗതികത്തിൽ നിന്നും ആത്മാവിലേക്കു നയിക്കുന്ന നല്ല രൂപാന്തരങ്ങൾ പഠിക്കുകയും, പ്രായോഗികമാക്കുകയും ചെയ്യുക. നിങ്ങൾ എപ്രകാരം ക്രിസ്തുവിനെ സ്വീകരിച്ചുവെന്നും അവിടുന്ന് നിങ്ങൾക്കു ആരാണെന്നും ഉള്ള വ്യക്തിഗത സാക്ഷ്യം പങ്കിടുക. 'ദൈവത്തെ വ്യക്തിപരമായി അറിയുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?' എന്നതുപോലെയുള്ള ലഘു വചനകൃതികൾ ഉപയോഗിക്കുക.

6. ക്രിസ്തുവിനെ അവതരിപ്പിക്കുന്നതിനു രക്ഷാ പദ്ധതിയുടെ ലഘുവായ രൂപരേഖ അനുധാവനം ചെയ്യുക.
   a) ദൈവം നിങ്ങളെ സ്നേഹിക്കുന്നു, അവനെ വ്യക്തിപരമായി നിങ്ങൾ അറിയുന്നതിനു വേണ്ടിയാണ് നിങ്ങളെ സൃഷ്ടിച്ചത് (യോഹന്നാൻ 3:16, 17:3)
   b) മനുഷ്യരെല്ലാവരും പാപ സ്വഭാവമുള്ളവരും ദൈവത്തിൽ നിന്നും അകന്നവരും ആണ്. അതിനാൽ നമ്മുക്ക് ദൈവത്തെ വ്യക്തിപരമായി അറിയാനും ദൈവ സ്നേഹം അനുഭവിക്കാനും സാദ്ധ്യമല്ല. (റോമർ 3:23, 6:23)
   c) മനുഷ്യരുടെ പാപത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ സംഭരണം ക്രിസ്തു മാത്രമാണ്. ദൈവത്തെ വ്യക്തിപരമായി അറിയുവാനും അവിടുത്തെ സ്നേഹം അനുഭവിക്കാനും ക്രിസ്തുവിൽ കൂടെ മാത്രമെ നമ്മുക്കു കഴിയുകയുള്ളു. (റോമർ 5:8, യോഹന്നാൻ 14:6)
   d) നാം വ്യക്തിപരമായി യേശുക്രിസ്തുവിനെ കർത്താവായി സ്വീകരിക്കണം. അതിനു ശേഷം ദൈവത്തെ വ്യക്തിഗതമായി അറിയുവാനും അവിടുത്തെ സ്നേഹം അനുഭവിക്കുവാനും സാധിക്കും. (യോഹന്നാൻ 1:12, എഫെസ്യർ 2: 8-9, വെളിപ്പാട് 3:20)

7. "യേശു ഫിലിം" അക്രൈസ്തവനു വായ്പ്പ കൊടുത്തോ, അല്ലായെങ്കിൽ നിങ്ങളോടു കൂടെ ഇരുന്നു വീഡിയോ കാണുവാൻ ക്ഷണിച്ചോ അത് ഉപയോഗിക്കുക.

8. നിങ്ങൾ യേശുവിന്റെ സുവിശേഷം ആരോട് അറിയിക്കുന്നുവോ ആ വ്യക്തി, ക്രിസ്തുവിനെ സ്വീകരിച്ചാലുടൻ അവന്റെ ക്രിസ്തുവിലുള്ള തീരുമാനം മററുള്ളവരോടു പറയുവാൻ പ്രോത്സാഹിപ്പിക്കുകയും (ലൂക്കോ 8:39) ആദ്യ ശിഷ്യത്വ യാഗത്തിനു സമയം ക്രമീകരിക്കുകും വേണം.

9. ദൈവത്തിന്റെ വചനം സദ ഉപയോഗിച്ച് (നിങ്ങളുടെ വ്യക്തിഗത ആശയങ്ങളല്ല) വ്യക്തമായി സംസാരിക്കുക. പുഞ്ചിരിക്കുകയും തീക്ഷണതയുള്ളവനുമായിരിക്കുകയും ചെയ്യുക. ഒരു വ്യക്തിയുടെ നാമം പറയുമ്പോൾ കണ്ണുകൊണ്ടു സമ്പർക്കം പുലർത്തുക

10. മററു വ്യക്തിയിലും അവന്റെ ആവശ്യങ്ങളിലും അവ്യാജമായ താല്പര്യം ഉണ്ടായിരിക്കേണം. മര്യാദയോടും സൗഹാർദ്ദപരമായും പെരുമാറുകയും വേണം.

11. എല്ലാററിനെക്കാളും ശ്രേഷ്ഠമായ കേന്ദ്രം യേശുക്രിസ്തുവായിരിക്കട്ടെ. നിങ്ങളുടെ സാക്ഷ്യം ഏതെങ്കിലും സഭയെയോ, വിഭാഗത്തെയോ, മതത്തെയോ, കുറിച്ചായിരിക്കരുത്. ക്രിസ്തുവിനെക്കുറിച്ചു മാത്രമായിരിക്കണം.

12 താഴെ പറയുന്ന കാര്യങ്ങൾ ഒഴിവാക്കണം
   a) തർക്കം അഥവ വിമർശനം
   b) “അതി വിശുദ്ധൻ” എന്ന മനോഭാവം
   c) അധിക സംഭാഷണം നിങ്ങൾ സംസാരിച്ചുകൊണ്ടിരുന്നാൽ അപരരുടെ ആവശ്യങ്ങൾ മനസ്സിലാക്കാൻ സാധ്യമല്ല.
   d) തീരുമാനങ്ങൾ അടിച്ചേൽപ്പിക്കരുത്. സൗമ്യനായിരിക്കുക. ഉപദേശിക്കുക. സ്വാധീനം ചെലുത്തരുത് (2 തിമെ 2:23-25)

13. ക്രിസ്തുവിന്റെ സാക്ഷിയാകുന്നതിൽ അനേകം പ്രയോചനങ്ങൾ ഉണ്ട്. ഏററവും പ്രധാനമായത് അവനെ മഹത്വപ്പെടുത്തുന്നു. ക്രിസ്തു ഇല്ലാത്തവരുടെ അടുക്കൽ എത്താൻ സഹായകമാകുന്നു. എല്ലാ തരത്തിലും പശ്ചാത്തലത്തിലും ഉള്ളവരുടെ അടുക്കൽ എത്തുന്നു. ഏതു സമയത്തും എവിടെയും ക്രിസ്തീയ സേവനം ചെയ്യുവാനുള്ള അതുല്യ അവസരങ്ങൾ നൽകുന്നു, നമ്മുടെ വ്യക്തിഗത ആത്മീയ ജീവിതം ആഴത്തിലേക്കു ഇറങ്ങുവാൻ സഹായകമാകുന്നു.

വിജയകരമായ സാക്ഷ്യം എന്നത്

“പരിശുദ്ധാത്മ ശക്തിയിൽ

യേശുക്രിസ്തുവിനെ

മററുള്ളവരുമായി


പങ്കിടുന്നതിനു മുൻകൈ

എടുക്കുന്നതും ഫലങ്ങൾ

ദൈവത്തിനു

വിട്ടുകൊടുക്കുന്നതുമാണ്.”

# നിങ്ങളുടെ സാക്ഷ്യം എങ്ങനെ തയ്യാറാക്കി അവതരിപ്പിക്കണം



നിങ്ങളുടെ വ്യക്തിഗത സാക്ഷ്യമോ, ക്രിസ്തുവുമായുള്ള നിങ്ങളുടെ ബന്ധത്തെക്കുറിച്ചുള്ള അനുഭവ കഥ ഒരാളിന്റെയോ ഒരു കൂട്ടത്തിന്റെയോ മുമ്പിൽ അവതരിപ്പിക്കുന്നതിനു നിങ്ങളെ സഹായിക്കുന്ന ചില നിർദ്ദേശങ്ങൾ താഴെ കുറിക്കുന്നു. കർത്താവായ യേശുക്രിസ്തു നിങ്ങൾക്കുവേണ്ടി എന്തു ചെയ്തുവെന്ന കാര്യം മററുള്ളവരുടെ മുമ്പിൽ സഫലമായി അവതരിപ്പിക്കുന്നതിനു താഴെ പറയുന്ന ലഘു നിർദ്ദേശങ്ങൾ സഹായകമാകും.

1. നിങ്ങൾ പറയുന്ന വചനങ്ങളെ അനുഗ്രഹിച്ചു ശക്തികരിക്കുവാൻ പരിശുദ്ധാത്മാവിനോടപേക്ഷിക്കുക, എന്തെന്നാൽ ആ വചനങ്ങൾ ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാനും ശ്രോതക്കളെ പ്രോത്സാഹിപ്പിക്കുവാനും അവർക്കു വെല്ലുവിളിയായി തീരുവാനും ഇടയാകും.

2. രക്ഷയെക്കുറിച്ചുള്ള നിങ്ങളുടെ വ്യക്തിഗത സാക്ഷ്യം ലഘുവായ രൂപരേഖയാൽ ചുററപ്പെട്ടതായിരിക്കണം.
   1. ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു മുമ്പുള്ള ജീവിതം എങ്ങനെയായിരുന്നു
   2. എപ്രകാരമാണ് ക്രിസ്തുവിനെ സ്വീകരിക്കുവാൻ ഇടയായത്
   3. ക്രിസ്തുവിനെ സ്വീകരിച്ച ശേഷമുള്ള ജീവിതം എങ്ങനെയാണ്
      (അപ്പൊ 26:1-23, അപ്പൊ 22:1-21)

   എവിടെ നിന്നും ആരംഭിക്കണം എവിടെ വരെ പോകണം എവിടെ അവസാനിപ്പിക്കണം

3. യേശുവിന് സർവ്വ പ്രധാന സ്ഥാനം നൽകണം യേശുവിനെ സ്വീകരിക്കുമ്പോൾ രക്ഷ ലഭ്യമാകുമെന്ന് തറപ്പിച്ചു പറയുക. നിങ്ങളുടെ സാക്ഷ്യം മുഖാന്തരം ചില അക്രൈസ്തവർ ക്രിസ്തുവിനെ എങ്ങനെയാണ് സ്വീകരിക്കുന്നതെന്ന് ഗ്രഹിക്കുമെന്ന കാര്യം ഓർത്തിരിക്കണം (ലൂക്കോസ് 8: 38-39)

4. കൂട്ടത്തിൽ സാക്ഷ്യം പറയുന്നതിനു ശരാശരി 4-5 മിനിട്ട് ദീർഘമായിരിക്കണം. നാലോ അഞ്ചോ മിനിട്ടുകൾ പറയുന്നതിനു തയ്യാറായിരുന്നാൽ നിങ്ങളുടെ അനുഭവ സാക്ഷ്യം ചുരുക്കിപ്പറയുന്നതിനും ദീർഘിപ്പിക്കുന്നതിനും സാധിക്കും

5. സാക്ഷ്യം എന്നത് ക്രിസ്തു നിങ്ങൾക്കുവേണ്ടി ചെയ്ത കാര്യമോ അതല്ലായെങ്കിൽ ക്രിസ്തു നിങ്ങൾക്കു ആരാണെന്ന് പങ്കിടുന്ന പ്രക്രീയയാണ്. ജനത്തോട് പ്രസംഗിക്കുന്ന സമയമല്ല. യേശുക്രിസ്തുവിനെക്കുറിച്ചുള്ള നിങ്ങളുടെ വ്യക്തിഗത സാക്ഷ്യം മററുള്ളവരുമായി പങ്കിടുന്നതിനുള്ള സുവർണ്ണ അവസരമാണ് ലഭിക്കുന്നത്.

6. ദൈവവചനത്തിൽ നിന്നും ഒന്നോ രണ്ടോ വാക്യത്തിൽ ചുററപ്പെട്ട് നിങ്ങളുടെ സാക്ഷ്യം കെട്ടിപ്പടുക്കണം. നല്ല ആരംഭവും നല്ല അവസാനവും ഉണ്ടായിരിക്കണമെന്നത് തീർച്ചപ്പെടുത്തണം. ഇത് നിങ്ങളുടെ സാക്ഷ്യം മററുള്ളവരിൽ താത്പര്യം ഉണർത്തുകയും പെരുത്തപ്പെടൽ നൽകുകയും ചെയ്യും.

7. വ്യക്തമായും എല്ലാവരും കേൾക്കത്തക്ക വിധം ഉച്ചത്തിലും സംസാരിക്കണം. എല്ലാ നിലയിലും ആവേശഭരിതനായിരിക്കണം. ക്രിസ്ത്യാനിയായിരിക്കുന്നതു ആവേശമുണർത്തുന്ന അനുഭവമാണല്ലോ!

8. യാഥാർത്ഥ്യബോധമുള്ളവനായിരിക്കുക. ജീവിതത്തിലെ പ്രശ്നങ്ങളും പ്രയാസങ്ങളും ഒഴിവാക്കിയിട്ടില്ല, പ്രസ്തുത എല്ലാ കാര്യങ്ങളും സമാധാനത്തോടും ആത്മ വിശ്വാസത്തോടും കൂടെ അഭിമുഖികരിക്കുവാൻ വേണ്ട ലക്ഷ്യവും മാർഗ്ഗദർശനവും അവിടുന്നു നൽകുന്നു. (യാക്കോബ് 1:2-4, റോമർ 5: 3-4)

9. ഒഴിവാക്കാൻ സൂക്ഷിക്കേണ്ടവ

a) പ്രസംഗ രീതിയിലുള്ള സാക്ഷ്യം. സ്വാഭാവികമായിരിക്കണം. ജനം എന്ത് ചെയ്യണമെന്ന് നിർദ്ദേശിക്കരുത്

b) മതങ്ങളെയും സഭകളെയും സഭാവിഭാഗങ്ങളെയും പുകഴ്ത്തിയോ നിഷേധാത്മകമായിട്ടോ സൂചിപ്പിക്കുക - ക്രിസ്തു കേന്ദ്രീതമായിരിക്കട്ടെ.

c) മോശമായ നിൽപ്പ് അല്ലെങ്കിൽ മനഃചാഞ്ചല്യ നടപടികൾ - സ്വസ്ഥഭാവത്തിൽ ആകർഷകമായി നിൽക്കുക

d) നിങ്ങളുടെ കഴിവുകേടുകൾക്ക് ന്യായങ്ങൾ പറയുക - ഇത് അവരുടെ ശ്രദ്ധയെ ക്ഷണിക്കുവാനും നിങ്ങൾ കൂടുതൽ മോശമാകുവാനും ഇടനൽകും - ധൈര്യം നൽകുവാൻ പരിശുദ്ധാത്മാവിനോടപേക്ഷിക്കുക (അപ്പൊ 4:31)

e) ക്രിസ്ത്യാനിയുടെ “ജല്പനമായ” ഹല്ലേലുയ്യ, രക്ഷിച്ചു, ആമേൻ ആദിയായവ -

10. അവസാനമായി കൂടെ കൂടെ എത്രപേരോടു പറയാൻ കഴുയുമോ അത്രയും പ്രാവശ്യം നിങ്ങളുടെ സാക്ഷ്യം മററുള്ളവരുമായി പങ്കിടുക, എന്തുകൊണ്ടെന്നാൽ ഇത് നിങ്ങളുടെ ക്രസ്തീയ ജീവിതം ശക്തീകരിക്കാനും ക്രിസ്തുവിനു വേണ്ടി മററുള്ളവരെ സമീപിക്കാനും കാരണമാകും.

# സാക്ഷ്യ ശില്പ താൾ

1. ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു മുൻപ് ഞാൻ എപ്രകാരമായിരുന്നു.

..................................................................................................................................

..................................................................................................................................

..................................................................................................................................

..................................................................................................................................

..................................................................................................................................

2. ക്രിസ്തുവിനെ ഞാൻ ഏങ്ങനെ സ്വീകരിച്ചു.

..................................................................................................................................

..................................................................................................................................

..................................................................................................................................

..................................................................................................................................

..................................................................................................................................

3. ക്രിസ്തുവിനെ സ്വീകരിച്ചശേഷം ദൈവം  എന്തെല്ലാം വ്യത്യാസങ്ങൾ എന്റെ ജീവിതത്തിൽ വരുത്തി.

..................................................................................................................................

..................................................................................................................................

..................................................................................................................................

..................................................................................................................................

..................................................................................................................................

4. ഉചിതമായ വേദവാക്യങ്ങൾ

..................................................................................................................................

..................................................................................................................................

..................................................................................................................................

..................................................................................................................................

..................................................................................................................................

# ഉന്നം വെയ്ക്കൽ



1. യേശു പറഞ്ഞു, " ഭൂലോകത്തിൽ ഒക്കെയും പോകുക" (മർ 16:15)
   "പുറപ്പെട്ടു ശിഷ്യരാക്കിക്കൊൾവിൻ" (മത്തായി 28:20)

2. എന്റെ "ഭൂലോകം" എവിടെ?

| | |
|---|---|
| എന്റെ ഭവനം/കുടുംബം | എന്റെ കളി സ്ഥലം |
| എന്റെ അയൽക്കാർ | എന്റെ പ്രിയപ്പെട്ട റെസ്റ്റോറന്റ് |
| എന്റെ ഓഫീസ്/ജോലിസ്ഥലം | എന്റെ ബാർബർ/ എന്റെ ബ്യൂട്ടീഷൻ |
| എന്റെ സുഹൃത്തുക്കൾ | എന്റെ വ്യായമ സ്ഥലം/ക്ലാസ് |
| എന്റെ സ്ക്കുൾ | ഞാൻ താമസിക്കുന്ന, ജോലി ചെയ്യുന്ന, കളിക്കുന്ന സ്ഥലങ്ങൾ |

3. ഞാൻ മീൻ പിടിക്കണമെങ്കിൽ മത്സ്യം ഉള്ള സ്ഥലത്തു പോകണം

4. ഞാൻ മനുഷ്യരെ പിടിക്കണമെങ്കിൽ മനുഷ്യർ ഉള്ള സ്ഥലത്തു പോകണം

5. ജനത്തെ ലക്ഷ്യമാക്കാൻ ഉതകുന്ന ചില വഴികളും പ്രവർത്തനങ്ങളും എന്തെല്ലാമാണ്?

| | |
|---|---|
| സുഹൃത് ബന്ധം സ്ഥാപിക്കുക | വ്യക്തിഗത നോട്ട്/കത്ത് അയക്കുക |
| പ്രാഭാത ഭക്ഷണത്തിനോ/ ലഞ്ചിനോ ക്ഷണിക്കുക - | സുവിശേഷ സംഭാഷണങ്ങൾക്കു ക്ഷണിക്കുക |
| ജീവിത പങ്കാളിയോടൊപ്പം അത്താഴത്തിനു ക്ഷണിക്കുക | വ്യക്തിഗത സന്ദർശനം/ വീട് ഓഫീസർ |
| കായിക വിനോദങ്ങൾക്കു മുൻകൈ എടുക്കുക | ആശുപത്രി/ജയിൽ ജീസസ് ഫിലീം, കടം കൊടുക്കുക. |

6. ക്രിസ്തുവിന്റെ സുവിശേഷം നിങ്ങൾ പങ്കിടുന്നതിനോ അല്ലായെങ്കിൽ ശിഷ്യത്വ പരിശീലനത്തിനോ ലഭിക്കുന്നവർക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പാൻ ആരംഭിക്കണം ആളുകളുടെ പേരുകൾ

   a) ....................................................................

   b) ....................................................................

   c) ....................................................................

# സുവിശേഷ രൂപന്തരങ്ങൾ

1. സംഭാഷണം എങ്ങനെ ആരംഭിക്കണെമെന്ന് അറിയാൻ പാടില്ലത്തതാണ് യേശുവിനെ മററുള്ളവരുമായി ഇന്ന് ക്രിസ്ത്യാനികൾ പങ്കിടാത്തതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന്

2. നാം സന്നധരായിരിക്കണമെന്ന് ദൈവവചനം പറയുന്നു.
   1 പത്രോസ് 3:15 - എപ്പോഴും ഒരുങ്ങിയിരിപ്പിൻ
   2 തിമൊഥെ 4:2 - ഒരുങ്ങി നില്ക -
   2 തിമൊഥെ 2: 15 നില്പാൻ ശ്രമിക്ക

3. "രൂപാന്തരം" മുഖാന്തരം നാം പ്രകൃത്യാ ഉള്ള അവസ്ഥയിൽ നിന്നും ആത്മീയത്തിലേക്കു നിങ്ങുന്നു

4. രണ്ടു തരത്തിലുള്ള രൂപന്തരങ്ങൾ ഉണ്ട്
   a) മററുള്ളവരുടെ അഭിപ്രായങ്ങളും ചോദ്യങ്ങളും ശ്രവിക്കുവാൻ നമ്മുടെ "ആത്മീയ കാതുകൾ" തുറന്നുവെയ്ക്കണം. (1 പത്രോസ് 3:15)
   b) നാം സംഭാഷണം ഉപ്പിനാൽ രുചിവരുത്തിയ പ്രസ്താവനയോടോ അല്ലെങ്കിൽ ചോദ്യത്തോടൊ കൂടെ ആരംഭിക്കണം. ഉദാഹരണം: യോഹന്നാൻ 4: 7-10 ൽ യേശു " ജീവനുള്ള വെള്ളം" എന്ന പദം ഉപയോഗിച്ചു അവളുടെ താല്പര്യം ഉണർത്തി.

   പങ്കിടുന്നതിനായി സദാ ഒരു സുവിശേഷ പ്രതി കൈ വശ ഉണ്ടായിരിക്കണം

5. മററുള്ളവർ നിങ്ങളോടു ചോദിക്കുമ്പോഴും അഭിപ്രായം പറയുമ്പോഴും ഉണ്ടാകുന്ന രൂപാന്തരങ്ങൾ ശ്രദ്ധിക്കുക. (നിങ്ങളുടെ പ്രതികരണങ്ങൾ കട്ടി അക്ഷരത്തിൽ)

   - നിങ്ങൾ എങ്ങനെയിരിക്കുന്നു? 92% അനുഗ്രഹിക്കപ്പെട്ട; ഉത്തേജിക്കപ്പെട്ട
   - നിങ്ങൾ എന്ത് ചെയ്യുന്നു? ഞാൻ ഒരു സ്ഥാനാപതി - ഞാൻ ഒരു മുക്കുവൻ
   - എന്താണ് പുതിയത്? ധാരളം കാര്യങ്ങൾ .... പുതു ജനനം. എനിക്കു പുതു ജീവൻ ഉണ്ടു്
   - എന്തു സംഭവിച്ചു? സ്വർഗ്ഗം, ഈ ദിവസങ്ങളിൽ ഒന്നിൽ ഞാൻ അവിടേക്കു പോകണം
   - നിങ്ങൾ എപ്പോഴും ഉല്ലാസവാനായി/സന്തുഷ്ടനായിരിക്കണം...
   - ഞാൻ അപ്രകാരമാണ് എന്തുകൊണ്ടെന്നാൽ ഞാൻ ഒരു പ്രത്യേക രഹസ്യം/ഒരു വിശിഷ്ട വ്യക്തിയെ അറിയുന്നു.
   - ഞാൻ ഒരു സുഹൃത്തിന്റെ ശവസംസ്കാരത്തിൽ നിന്നും വരികയാണ്
   - ശവസംസ്കാരങ്ങൾ പലർക്കും പ്രയാസമാണ്, എന്നാൽ എന്റെ ജീവിത്തിൽ ചില വർഷങ്ങൾക്കുമുൻപ് സംഭവിച്ചകാര്യം എന്നെ തുണച്ചു.
   - ഞാൻ വിവാഹിതനായിട്ടു .................. വർഷങ്ങളായി ....................
   - അത് ആശ്ചര്യമായിരിക്കുന്നു! ജീവിതത്തിലെ ർണ്ടാമത്തെ പ്രധാനപ്പെട്ട കാര്യമാണ് വിവാഹം
   - ഞങ്ങളുടെ ലോകം പിളർന്നു പോകുന്നു. (അതു പോലെയുള്ള നിഷേധാത്മകമായ

അഭിപ്രായങ്ങൾ)...........ഉവ്വ്, എന്നാൽ എന്റെ ജീവിതത്തിൽ ചില വർങ്ങൾക്കു മുൻപ് സംഭവിച്ച കാര്യം ഭാവിയെ അഭിമുഖികരിക്കുവാനുള്ള സുരക്ഷിതത്വം നൽകി.

- ഈ കാലത്ത് സൗജന്യമായി ഒന്നും ഇല്ല..... ഉണ്ട്!
- ലോകത്തിലെ ഏററവും വലിയ ദാനം സൗജന്യമാണ്. ബൈബിളിൽ റോമർ 6:23 ൽ അത് കാണുന്നു.
- ഒരു വിശേഷ നാൾ എനിക്കു സമാഗതമായി.................. ആശ്ചര്യം!
- എല്ലാ ദിനവും എനിക്കു വിശേഷനാളാണ്. എന്തുകൊണ്ടെന്നാൽ ഞാൻ വിശേഷ വ്യക്തിയെ അറിയുന്നു. എനിക്കു ഒരു പ്രത്യക രഹസ്യം ഉണ്ട്
- എനിക്ക് ഒരു നിരാശദിനമാണ്!
- എനിക്കു ഒരു വിശേഷ രഹസ്യം ഉള്ളതിനാൽ നിരാശാ ദിനത്തിൽ എന്നെ ബലപ്പെടുത്തുന്നു.
- ഓ! ഈ വെള്ളം ചൂടാണ്.
- ശരിയാണ്. ഞാൻ സ്വർഗ്ഗത്തിൽ പോകുമെന്നു അറിവുനൽകുന്നതിനാൽ അത് എന്നെ സന്തുഷ്ടനാക്കുന്നു.

6. ഞാൻ സംഭാഷണം ഉപ്പിനാൽ രുചിവരുത്തിയ പ്രസ്താവനയോടു കൂടെയോ ചോദ്യത്തോടു കൂടെയോ ആരംഭിക്കണം

- എന്റെ ഭാര്യയോട് എന്നെ വിവാഹം കഴിക്കാൻ ഞാൻ ആവശ്യപ്പെട്ടപ്പോൾ എന്റെ ജീവിതത്തിലെ രണ്ടാമത്തെ പ്രധാനപ്പെട്ട തീരുമാനമായിരുന്നു. ..................... വർങ്ങൾ മുൻപു എററവും പ്രധാനപ്പെട്ട എന്റെ ജീവിതത്തിലെ കണ്ടുപിടുത്തം/ തീരുമാനം ഉണ്ടായി.
- ........................ വർങ്ങൾക്കു മുൻപ് എനിക്കു മരണത്തെ ഭയമായിരുന്നു, എന്നാൽ അതിനു ശേഷം അത്ഭുതകരമായ സംഭവം ഉണ്ടായി. എന്റെ ഭയം ഇല്ലാതെയായി.
- യഥാർത്ഥ വിജയം/അർത്ഥം എന്റെ ജീവിതത്തിലുണ്ടായതിനാൽ ഞാൻ ഭാഗ്യവാനണെന്ന് ചിന്തിക്കുന്നു.
- നിങ്ങളുടെ ജീവിതത്തിലെ ഏററവും പ്രധാനപ്പെട്ട കാര്യം എന്താണ്?
- നിങ്ങളുടെ ജീവിതത്തിലെ ഒന്നാമത്തെ ലക്ഷ്യം എന്താണ്?
- ഇപ്പോൾ നിങ്ങളുടെ ജീവിതത്തിൽ അഭിമുഖികരിക്കുന്ന ഏററവും വലിയ വെല്ലുവിളി എന്താണ്?
- നിങ്ങളുടെ ജീവിതത്തിൽ ഇപ്പോൾ സംഭവിക്കുന്ന ഏററവും പ്രധാനപ്പെട്ട/ അർത്ഥവത്തായ കാര്യം എന്താണ്?
- ഈ ജീവിതത്തിൽ നിങ്ങളുടെ ആത്മീയ യാത്രയിൽ നിങ്ങൾ എവിടെയാണ്?
- ഞാൻ നിങ്ങളുമായി ചില നല്ല കാര്യങ്ങൾ പങ്കിടട്ടെ?
- നിങ്ങൾ  നാലു ആത്മീയ നിയമങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ?
- ആരെങ്കിലും നിങ്ങളോട് ക്രിസ്ത്യാനി എന്നതിന്റെ അർത്ഥം എന്ത്? എന്നു ചോദിച്ചാൽ നിങ്ങൾ എന്തു പറയും?
- നിങ്ങളുടെ അഭിപ്രായത്തിൽ ഒരാൾ എങ്ങനെയാണ് ക്രിസ്ത്യാനി ആകുന്നത്?

- നിങ്ങൾ ദൈവത്തെ വ്യക്തിപരമായി അറിയുവാൻ, ദൈവവുമായി നല്ല ബന്ധം ഉണ്ടാകേണ്ടത് എപ്രകാരമാണെന്ന് അറിയുവാൻ താല്പര്യപ്പെടുന്നുവോ?
- ആരെങ്കിലും നിങ്ങളോടു ദൈവത്തെ എങ്ങനെ കണ്ടെത്താൻ (അറിയുവാൻ) കഴിയും എന്നു ചോദിച്ചാൽ നിങ്ങൾ എന്ത് മറുപടി നൽകും?
- സത്യമായും സ്വർഗ്ഗം ഉണ്ടെങ്കിൽ, മരിക്കുമ്പോൾ അവിടെ പോകണമെന്ന് ആഗ്രഹിക്കുന്നുവോ? അത് ഏതുവിധമാണെന്ന് അറിയുവാൻ ആശിക്കുന്നുവോ?
- ഇന്നു രാത്രി നിങ്ങൾ മരിച്ചു ദൈവസന്നിധിയിൽ നില്കുമ്പോൾ അവിടുന്നു നിങ്ങളോടു "ഞാൻ നിന്നെ എന്തു കാരണത്താൽ സ്വർഗ്ഗത്തിലേക്കു കടത്തണം?" എന്നു ചോദിച്ചാൽ നിങ്ങൾ എന്തു പറയും?
- 1 മുതൽ 10 വരെയുള്ള അളവു ത്രാസിൽ (10 എന്നത് 100% സുനിശ്ചിതം) നിങ്ങളെ ഇട്ടാൽ നിങ്ങൾക്കു പാപക്ഷമയും നിത്യജീവന്റെ ഉറപ്പും ലഭിച്ചുവെന്നു തീർച്ചയാണോ? നിങ്ങൾ 10 ൽ ആയിരിക്കാനാഗ്രഹിക്കുന്നുവോ?
- ഇന്നു പുരുഷന്മാർ ആത്മീയ നേതൃത്വം വേണ്ട വിധത്തിൽ കൈകാര്യം ചെയ്യുന്നുവെന്നു നിങ്ങൾ കരുതുന്നുവോ?

# ശിഷ്യത്വം



യേശു പറഞ്ഞു, " ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കി (പക്വത വന്ന അച്ചടക്കമുള്ള ക്രിസ്ത്യാനി) കൊൾവിൻ" (മത്തായി 28:20)

അവിടുത്തെ കല്പന നിറവേററുന്നതിനു നിങ്ങളെ സഹായിക്കുന്നതിനു ഉതകുന്ന നിർദ്ദേശങ്ങൾ താഴെ കുറിക്കുന്നു.

1. നിങ്ങളെ(നിങ്ങളുടെ സമയം, താലന്തുകൾ, നിക്ഷേപങ്ങൾ) കർത്താവിനു ലഭ്യമാക്കുക (റോമർ 12:1-2)
2. ദൈവത്തിന്റെ പരിശുദ്ധാത്മാവു നിങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ അനുവദിക്കുക. (അപ്പൊ 1:8, എഫെസ്യർ 5:18)
3. ദൈവ വചനത്താൽ തയ്യാറുള്ളവനാകുക (2 തിമൊഥെ 2: 15, 3:16-17)
4. നിങ്ങളുടെ ശിഷ്യരുമായി പ്രതിജ്ഞാബന്ധതകൾ ചർച്ച ചെയ്യുവാനും പഠനകൃതികൾ, യോഗം കൂടുന്നതിനുള്ള സമയം, ശാന്തമായ അന്തരീക്ഷം, മുതലായവ അവലോകനം ചെയ്യുന്നതിനും പ്രാരംഭ യോഗം സംഘടിപ്പിക്കുക. ആഴ്ചയിലൊരിക്കൽ 1½ മണിക്കുറാണെന്നു സാധാരണ മാതൃക രീതി.
5. നിങ്ങളുടെ ശിഷ്യത്വ യോഗത്തിൽ ദ്വിവിധ ലക്ഷ്യമുള്ള ശിഷ്യത്വം പങ്കിടുക. താഴെ പറയുന്ന വാക്യങ്ങൾ വേദഭാഗത്തോടു കൂടെ അവരെ ഹൃദിസ്ഥമാക്കിക്കുക.
   a) ആത്മീയ വളർച്ചയും പക്വതയും (കൊലൊ 2: 6: 7)
   b) ആത്മീയ പെരുക്കൽ (2 തിമൊഥെ 2: 2)
6. യേശു ക്രിസ്തുവിനു നിങ്ങളുടെ ചർച്ചയുടെയും കൂട്ടായ്മയുടെയും വേളകളിൽ എപ്പോഴും ഏററവും ശ്രേഷ്ഠമായ സ്ഥാനം നൽകാൻ ഓർക്കണം
7. മററുള്ളവരുടെ ജീവിതത്തിൽ ഉൾപ്പെടുവാൻ നിങ്ങളെ ലഭ്യമാക്കാനും ഹിതമുള്ളവനും ആക്കുക. (1 തെസ്സലൊനി 2: 7-12, കൊലൊസ്യർ 1: 28-29)
8. നിങ്ങൾ ശിഷ്യപ്പെടുത്തുന്നവരുമായി അവ്യാജമായ സുഹൃത് ബന്ധം (ഫോൺ ചെയ്യുക, അത്താഴത്തിനു ക്ഷണിക്കുക, കൂട്ടായ്മ, പ്രവർത്തനങ്ങൾ, ഹോബീസ് എന്നിവയിൽ ബന്ധം പുലർത്തുക.) ഉള്ളടക്കത്തെക്കൾ പ്രാധാന്യം ബന്ധത്തിനാണെന്ന് സ്മരിക്കുക.
9. അവർക്ക് ആധുനിക വിവർത്തന പുതിയ നിയമമോ, ബൈബിളോ ഉണ്ടെന്ന കാര്യം ഉറപ്പുവരുത്തുക. യോഹന്നാന്റെ സുവിശേഷവായനയോടു കൂടെ (3 പ്രാവശ്യം) ആരംഭിച്ചിട്ടു പുതിയ നിയമം മുഴുവൻ (3 പ്രാവശ്യം) വായിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക.
10. ലൈഫ് ബിൽഡേഴ്സിന്റെ "അടിസ്ഥാനങ്ങൾ" (Foundations) നാലു ഭാഗങ്ങൾ പഠനങ്ങളോ അതു പോലെയുള്ള ബൈബിൾ പഠന മാർഗ്ഗ ദർശ്ശികളോ മുഖാന്തിരം അവരെ പഠിപ്പിക്കുക.

11. വചന പ്രകാരമുള്ള നിത്യജീവന്റെ ഉറപ്പും യേശുക്രിസ്തുവുമായുള്ള ബന്ധവും പുനഃ അവലോകനം ചെയ്യുക. (1 യോഹന്നാൻ 5: 11-13, യോഹന്നാൻ 1:12)

12. ആത്മീയ വളർച്ചയ്ക്കുള്ള " നാലു സുവിശേഷങ്ങൾ" അവലോകനം ചെയ്യുകയും "ചക്രം" (വീൽ) മുഴുവനും വാക്യങ്ങൾ സഹിതം മനഃപാഠമാക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക. (അടുത്ത താൾകാണുക)
   a) ഞാൻ പ്രാർത്ഥിക്കുകയും സ്തുതിക്കുകയും മുഖാന്തിരം ദൈവത്തോടു സംഭാഷിക്കുന്നു. (ഫിലിപ്പ്യർ 4: 6-7, എബ്രായർ 13: 15)
   b) ദൈവം അവിടുത്തെ വചനത്തിൽ കൂടെ എന്നോടു സംഭാഷിക്കുന്നു. (2 തിമൊഥെ 2: 15, 1 പത്രോസ് 2: 2)
   c) ഞാൻ മററു ക്രിസ്ത്യാനികളുമായി കൂട്ടായ്മയിൽക്കൂടെ സംഭാഷിക്കുന്നു. (1യോഹന്നാൻ 1:3, എബ്രായർ 10: 24-25)
   d) അക്രൈസ്തവരോട് സാക്ഷ്യം മുഖാന്തിരം ഞാൻ സംഭാഷിക്കുന്നു. (അപ്പൊ 1:8, മത്തായി 28': 19-20)

13. ലൈഫ്ബിൽഡേഷ്സിന്റെ "മുൻ നിയമിക്കപ്പെട്ട" (Destined) സ്റ്റഡി ഗൈഡുകളിൽ ഒന്നു അവരെ പഠിപ്പിക്കുക.

   "യഥാർത്ഥവിശ്വാസം" (Real Faith) അല്ലെങ്കിൽ മററു ചില ബൈബിൾ സ്റ്റഡി ഗൈഡുകൾ ഉപയോഗിക്കുക.

14. അവർക്കു മററു ക്രിസ്തു കേന്ദ്രിത പഠനകൃതികൾ പഠിക്കുവാൻ (ബൈബിൾ പഠനഗൈഡുകൾ, പുസ്തകങ്ങൾ, വീഡിയോകൾ, സീഡികൾ) നൽകുക.

15. ദൈവ വചനം മനപ്പാഠമാക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. (സങ്കീർത്തനം 119: 9-11)

16. അവരോടുകൂടെയും അവർക്കു വേണ്ടിയും പരിശുദ്ധാത്മ നിറവിൽ പ്രാർത്ഥിക്കുക. അവരുടെ കുടുംബങ്ങളുടെ ആവശ്യങ്ങൾ, ജോലി, ശുശ്രൂഷ, സാമ്പത്തികം എന്നിവ പ്രാർത്ഥനയിൽ ഉൾപ്പെടുത്തുക.


17. മററുള്ളവരുമായി ക്രിസ്തുവിനെ പങ്കിടുവാൻ അവരെ ഉത്സാഹിപ്പിക്കുക. (ലൂക്കോസ് 8: 39)
   a) അവരുടെ വ്യക്തിഗത സാക്ഷ്യങ്ങൾ എങ്ങനെ തയ്യാറാക്കി അവതരിപ്പിക്കണമെന്ന് അവരെ പഠിപ്പിക്കുക. (സാക്ഷ്യ ശില്പ താൾ ഉപയോഗിക്കുക)
   b) ''നാലു ആത്മീയ നിയമങ്ങൾ'' അല്ലെങ്കിൽ സുവിശേഷ ലഘുകൃതികൾ എപ്രകാരമാണ് പങ്കിടേണ്ടതെന്ന് അവരെ പഠിപ്പിക്കുക.
   c) അവരുടെ ശിഷ്യരുമായി ഈ "ശിഷ്യത്വതാൾ" ഉപയോഗിക്കാൻ പഠിപ്പിക്കുക.

18. അവരെ സഭ, ബൈബിൾ പഠന കൂട്ടം, കൂട്ടായ്മ, ശിഷ്യത്വ കൂട്ടം എന്നിവയിൽ കൊണ്ടുവരിക.

19. പ്രാദേശികമോ അന്തർദേശീയമോ ആയ സുവിശേഷ (ദൗത്യം) പ്രവർത്തനത്തിലോ ശുശ്രൂഷ അവസര സേവകളിലോ, കഴിയുമെങ്കിൽ, അവരെ ബന്ധിപ്പിക്കുക.

20. അവസാനമായി കൂട്ടായ്മയും ഭാര്യ-ഭതൃബന്ധം, കുഞ്ഞുങ്ങളെ വളർത്തൽ, അനുസരണം, സാമ്പത്തികം, സ്വഭാവ വൈശിഷ്ട്യങ്ങൾ, ആദിയായവ വിഷയങ്ങളെ കുറിച്ചുള്ള ദൈവ വചന പഠനം ഒത്തു ചേർന്നു നടത്തുന്നതും തുടരുക.

# ആത്മീയ വളർച്ചയ്ക്കുള്ള “4 സംഭാഷണങ്ങൾ”



# ദൈവ വചനം ഫലപ്രദമായി എങ്ങനെ പഠിപ്പിക്കണം



1. ദൈവത്തിനു നിങ്ങളെ ലഭ്യമാക്കിയും പരിശുദ്ധാത്മാവിനാൽ നിങ്ങളെ നിറച്ചു നിയന്ത്രിക്കാൻ അപേക്ഷിക്കുകയും ചെയ്യുക. (റോമർ 12: 1, എഫെസ്യർ 5:18)

2. നിങ്ങളുടെ ശ്രോതക്കൾക്കു വേണ്ടിയും അവർക്കു എന്തു ആവശ്യമാണെന്നും ആത്മീയമായി അവർ എവിടെയാണെന്നും നിങ്ങൾ മനസ്സിലാക്കുവാൻ തക്ക വിധം നിങ്ങളെ സഹായിപ്പാൻ ദൈവത്തിന്റെ മാർഗ്ഗ ദർശനത്തനിനായും പ്രാർത്ഥിക്കുക. ആ കൂട്ടത്തിന്റെ ആത്മീയ പക്വതയെക്കുറിച്ചു നിങ്ങളുടെ ആതിഥേയനോടാരായാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടായിരിക്കും. ''എന്റെ പഠിപ്പിക്കൽ 100% ഫലപ്രദമാണെങ്കിൽ, എന്റെ ശ്രോതക്കൾ എന്ത് ചെയ്യണം, ചിന്തിക്കണം, അല്ലെങ്കിൽ അനുഭവിക്കണം" എന്നു സ്വയം ചോദിക്കുക.

3. നിങ്ങൾക്കു ലഭിക്കുന്ന സമയവും ചിലവഴിക്കുന്ന സമയവും പ്രർത്ഥനാപൂർവ്വം " 2 ഒന്നിനു വേണ്ടി" എന്ന അനുപാതത്തിൽ തയ്യാറെടുക്കുക. അതാതയത് ഒരു മണിക്കൂർ പഠിപ്പിക്കുവാൻ 2 മണിക്കൂർ തയ്യാറെടുപ്പ്.

4. സജ്ജീകരിക്കുക
   a) നിങ്ങൾ സംവേദനം നടത്താൻ ആഗ്രഹിക്കുന്ന വിഷയത്തിനു ഉജിതമായ വചനങ്ങൾ.
   b) നിങ്ങളുടെ ആശയങ്ങൾ വിവരിക്കുന്ന പഠനസഹായികൾ. പവ്വർ പോയിന്റ്, ഓവർ ഹെഡ് പ്രോജകററുകൾ, വിശദീകരണ സാമഗ്രഹികൾ (ഒരു ചിത്രം ആയിരം വാക്കുകൾ പറയുമെന്ന് ഓർക്കുക)
   c) താക്കോൽ വാക്കുകളും പ്രധാന വാദമുഖങ്ങളും നിറച്ചുകൊണ്ട് പരസ്പര പ്രവർത്ത ശില്പതാളുകൾ ഓരോരുത്തർക്കും ഉണ്ടായിരിക്കണം. നിങ്ങൾ ഉത്തരങ്ങൾ നൽകുന്നതിനു മുൻപായി നിങ്ങളുടെ ശ്രോതാക്കളെ നിങ്ങൾ പഠിപ്പിക്കാനാഗ്രഹിക്കുന്ന പ്രധാന സത്യങ്ങൾ കണ്ടുപിടിക്കാനവരെ അനുവദിക്കുക. രണ്ടോ മൂന്നോ പേരുള്ള ചില ചെറിയ "കണ്ടുപിടിത്ത" സംഘങ്ങളായി അവരെ വിഭജിക്കുക.
   d) നിങ്ങളുടെ പ്രധാന പോയിന്റുകൾ വിശദീകരിക്കുന്നതിനും നാടകീയമാക്കുന്നതിനും നല്ല കഥകൾ ഉപയോഗിക്കുക. യേശു എപ്പോഴും പഠിപ്പിക്കുന്നതിനു ഒരു കഥ(ഉപമ) പഠിപ്പിച്ചു. ജനം കഥകൾ ഇഷ്ടപ്പെടുന്നു.
   e) അടുത്ത ഒന്നോ രണ്ടോ ദിവസങ്ങൾക്കകം നിങ്ങളുടെ ശ്രോതക്കൾ പ്രായോഗികമാക്കേണ്ടതിനു നിങ്ങളുടെ പഠിപ്പികലിനോടനുബന്ധിച്ച ഒരു പ്രവർത്തന ചുവടു വെയ്പ്പ്. അവർ ശ്രവിച്ചത് അവരുടെ ജീവതങ്ങളിൽ പ്രായോഗികമാക്കുന്നില്ലായെങ്കിൽ ജനങ്ങൾ കേൾക്കുന്നതിൽ 80% ഇരുപത്തിനാലു മണിക്കുറുകൾക്കകം വിസ്മരിക്കും, അവശേഷിച്ച 20% പത്തു ദിവസങ്ങൾക്കകവും.

5. ചെറിയക്കൂട്ടമാണെങ്കിൽ ആളുകളുടെ പേരുകൾ പറയാൻ പഠിക്കുക. വലിയ കൂട്ടമാണെങ്കിൽ പേരുകൾ എഴുതിയ തൊങ്ങലുകൾ (name tags) പഠിപ്പിക്കുമ്പോൾ ഉപയോഗിക്കുക.

6. കഴിയുമെങ്കിൽ ശിരസ്സ് നിവർത്തി പിടിച്ച് ശ്രോതാക്കളുമായി കണ്ണുകൾകൊണ്ട് സമ്പർക്കം പുലർത്തുക.

7. കഴിയുന്നതും ശ്രോതാക്കളുടെ അടുത്തു നിൽക്കുക.

8. നിങ്ങൾ പഠിപ്പിക്കുമ്പോൾ അവ്യാജത, സ്നേഹം, വികാരം, താത്പര്യം പ്രകടിപ്പിക്കുക.

9. ഉചിതമായും സൂക്ഷ്മ ബോധത്തോടും വസ്ത്രം ധരിക്കുക. നിങ്ങളെ ക്രിസ്തുവിനു വേണ്ടി എപ്പോഴും ഒരു നല്ല ആകർഷക വ്യക്തിയായി സ്വയം അവതരിപ്പിക്കുക. എല്ലാ കാര്യങ്ങളും ഉൽകൃഷ്ടതയോടു ചെയ്യുക. (1 കൊരിന്ത്യർ 10:31)

# ചെറിയ സംഘ പരിശീലനം



## 1. എപ്രകാരം ആരംഭിക്കണം.

a) പ്രാർത്ഥനാപൂർവ്വം താത്പര്യപ്പെടുമെന്ന് കരുതുന്ന കൂട്ടു ക്രിസ്ത്യാനികളുടെ (അവിശ്വാസികൾ അല്ല) പേരുകൾ തിരഞ്ഞെടുത്തിട്ട് നേരിട്ടോ, ഫോണിലൂടെയോ ക്ഷണിക്കുക.

b) പരമാവധി 12 ആളുകളുള്ള സംഘമായി ക്ലിപ്തപ്പെടുത്തുക. എല്ലാ പുരഷന്മാർക്കും, എല്ലാ സ്ത്രീകൾക്കും അല്ലെങ്കിൽ ദമ്പതികൾക്കും വേണ്ടി ഗ്രൂപ്പ് ഉണ്ടാക്കണമെന്ന ആഗ്രഹം നിങ്ങൾക്കു ഉണ്ടാകും.

c) ഒരു സ്ഥലം, ഉത്തമമായി, ഒരു വീട് തിരഞ്ഞെടുത്ത് ഒരു പ്രത്യേക സമയം നിശ്ചയിക്കുക. ആഴ്ച്ചയിൽ ഒരിക്കലോ, മാസത്തിൽ രണ്ടു പ്രാവശ്യമോ, രണ്ടു മണിക്കൂറാണ് മെച്ചം.

d) ആതിഥേയനോ, ആതിഥേയ ദമ്പതികളോ ലഘു ഭക്ഷണം ക്രമീകരിക്കുകയും ഗ്രൂപ്പിന്റെ സമയത്തിന്റെ "നേതൃത്വം" അവർ വഹിക്കുകയും വേണം.

## 2. ചില അടിസ്ഥാന തത്വങ്ങൾ

a) ക്രിസ്തുവിനു ഏററവും ശ്രേഷ്ഠ സ്ഥാനം നൽക്കുക.

b) ബൈബിളാണ് നമ്മുടെ പഠന ഗ്രന്ഥം. വ്യക്തിപരമായി പ്രായോഗികമാക്കാവുന്ന യുക്തമായ വേദ ഭാഗങ്ങൾ തിരഞ്ഞെടുക്കുക. (നാലാം ഇനം നോക്കുക)

c) ചർച്ചയുടെ ആതിപത്യം ലീഡർ(നേതാവ്) എടുക്കരുത്. ഓരോരുത്തരും പങ്കാളികളാവാൻ പ്രോത്സാഹിപ്പിക്കണം. യോഗം " നിർഗ്ഗളിക്കുവാൻ" സഹായിക്കുക. എന്നാൽ ഉജിത മുറയിലായിരിക്കണം.

d) ചർച്ച ചെയ്യപ്പെടേണ്ട വേദഭാഗം നേതാവ് നന്നായി പഠിച്ചിരിക്കണം.

e) ചർച്ചാവേളയിൽ ആളുകളുടെ നാമങ്ങൾ ഉപയോഗിക്കുക.

f) പരിശുദ്ധാത്മാവിനോടും ഗ്രൂപ്പിന്റെ ആവശ്യങ്ങളോടും സൂഷ്മ ബോധം ഉണ്ടായിരിക്കേണം. പരസ്പരം സ്നേഹിക്കേണം. മററുള്ളവരുടെ ആവശ്യങ്ങൾക്കു ലഭ്യമുള്ളവരായിരിക്കണം. (പ്രാർത്ഥന, ഉപദേശം, സാഹിത്യം, ലഭിച്ച ആഹാരം എന്നിവ)

g) പരസ്പരം സംഭാഷണ പരമായ പ്രാർത്ഥന നടത്താൻ പ്രോത്സാഹിപ്പിക്കുക.

h) സമയ തുല്ല്യത നിലനിർത്തുക. (ആരാധന, പാട്ട്, ദൈവ വചന പഠനം, സാക്ഷ്യം, തിരുവത്താഴം, കൗൺസിൽ ആവശ്യങ്ങൾ, പ്രാർത്ഥനാ ശുശ്രൂഷ)

## 3. ചർച്ച പ്രോത്സാഹിപ്പിക്കുവാനുള്ള നിർദ്ദേശങ്ങൾ

a) ചർച്ച ചെയ്യപ്പെടേണ്ട ബൈബിൾ ഭാഗം ഗ്രൂപ്പ് വായിക്കണം.

b) വേദഭാഗം പുനരവലോകനം മൗനമായി ഓരാരുത്തർക്കും ചെയ്യുവാൻ ചില മിനിട്ടുകൾ നൽകുക.

c) വേദ ഭാഗത്തിന്റെ ഉള്ളടക്കവും പ്രത്യേക വാക്കുകൾ, താക്കോൽ ആശയം, അർത്ഥവും, രണ്ടോ, മൂന്നോ പേരുള്ള ഗ്രൂപ്പുകൾ ചർച്ച ചെയ്യേണം.

d) നിശ്ചിത ചിന്തോദ്ദീപകവുമായ ചോദ്യങ്ങൾ ഉന്നയിക്കുക.

1. ഇത് (വാക്യമോ, വാക്കോ) നിങ്ങൾക്ക് എങ്ങനെ അർത്ഥമാകുന്നു?
2. ദൈവം നമ്മോട് ആശയ സംക്രമണം നടത്താൻ ഉദ്ദേശിക്കുന്ന പ്രധാന ചിന്ത എന്താണ്?
3. ഈ മനോഭാവം, പെരുമാററം, വികാരം നിങ്ങൾ എങ്ങനെ ബന്ധിപ്പിക്കുന്നു?
4. എങ്ങനെ (നിശ്ചിതമായി) ഈ ഭാഗം നിങ്ങൾക്കു അനുഭവപ്പെട്ടു?
5. എന്താണ്(നിശ്ചിതമായി) ഈ ഭാഗത്ത് നിങ്ങളെ സഹായിച്ചത്?
6. എന്റെ ജീവിതത്തിൽ എന്തെല്ലാം മാർഗ്ഗങ്ങളിൽ കൂടെ ഈ സത്യം ഫലവത്തായി പ്രായോഗികമാക്കാൻ കഴിയും?
7. ഈ ഭാഗത്ത് ഞാൻ അനുഭവിച്ച ചില തടസങ്ങൾഎന്തെല്ലാമാണ്? അവയെ ജയിക്കാൻ ഞാൻ എന്തു ചെയ്യ്തു?
8. ഈ ആശയം നൽകുന്ന സമാന്തരമായ മററു ചില ബൈബിൾ ഭാഗങ്ങൾ എതെല്ലാം?
9. ഈ വാക്യത്തിലോ ഭാഗത്തോ നിങ്ങൾക്കു മനസ്സിലാകത്തതെന്താണ്?

## 4. ചില നിർദ്ദേശിച്ച ബൈബിൾ ഭാഗങ്ങൾ

A) എഫെസ്യർ 4:1-3

B) എഫെസ്യർ 4: 24-32

C) എഫെസ്യർ 5: 1-11

D) 1 തെസ്സലൊനിക്യർ 5: 14-23

E) കൊലൊസ്യർ 3: 12 -17

F) ഫിലിപ്പ്യർ 4: 4-8

G) റോമർ 12: 9-17

H) എബ്രായർ 10: 23-25

I) 2 പത്രോസ് 1:3-8

J) 1 പത്രോസ് 5: 1-9

K) 2 കൊരിന്ത്യർ 6: 4-7

L) ഫിലിപ്പ്യർ 2: 1-11

# *നിങ്ങളുടെ ബൈബിൾ എങ്ങനെ പഠിക്കണം*



സമ്പന്നമായ പ്രതിഫലം നൽകുന്ന അറിവും, ദൈവത്തിന്റെ വിലയേറിയ വചനത്തിലുള്ള ഗ്രഹണ ശക്തിയും, ക്രമാനുഗതമായ പഠനം മുഖാന്തരം ലഭിക്കുന്നതിനു സഹായിക്കുന്ന നിർദ്ദേശങ്ങൾ താഴെ കുറിക്കുന്നു.

## 1. ദൈവത്തിന്റെ വചനം എന്തുകൊണ്ടു പഠിക്കണമെന്നതിനുള്ള കാരണം:

- ആത്മീയ വളർച്ചയ്ക്കു അത് സഹായിക്കും (1പത്രോസ് 2:2)
- ക്രിസ്തുവിനു വേണ്ടിയുള്ള സേവനത്തിനു നിങ്ങളെ അത് തയ്യാറാക്കും (2 തിമൊഥെ 3:16-17)
- നിങ്ങളുടെ വിശ്വാസം അത് വർദ്ധിപ്പിക്കും (റോമർ 10:17)
- എങ്ങനെ ദൈവത്തെ പ്രസാധിപ്പിക്കാൻ കഴിയുമെന്നത് നിങ്ങൾക്കു കാണിച്ചു തരും (1 തെസ്സലൊ 4:1-2)

## 2. പഠനത്തിനുള്ള പ്രായോഗിക ഉപകരണങ്ങളും സഹായികളും.

A) പഠനത്തിനുള്ള ആവശ്യമായ "ഉപകരണങ്ങൾ"

1. ഒരു നല്ല ആധുനീക വിവർത്തന ബൈബിൾ
2. ഒരു നോട്ടുബുക്ക്, ഒരു നല്ല ബാൾ പെൻ, പ്രധാനവാക്യങ്ങൾ വരയിടുന്നതിനുള്ള സെക്ക്യിൽ, ബൈബിളിൽ ഉചിതമായ നോട്ടുകൾ വെക്കുന്നതിനാവശ്യമായ താളുകൾ
3. ബൈബിൾ കൊൺകോഡൻസ്

B) പഠനത്തിനുപകാര പ്രധമായ " സഹായികൾ"

1. നേവ്സു ടോപ്പികൽ ബൈബിൾ
2. വിവിധ തരത്തിലുള്ള വിവർത്തന ബൈബിളുകൾ
3. ബൈബിൾ നിഘണ്ടു
4. ഗ്രീക്ക് - ഇംഗ്ലീഷ് നിഘണ്ടു.

## 3. വിജയകരമായ പഠനത്തിനുള്ള പ്രധാന ഘടകങ്ങൾ

1. ദൈവവത്തിന്റെ വചനം അറിയുന്നതിനുള്ള ആത്മാർത്ഥമായ ദൃഢ നിശ്ചയം നിങ്ങൾക്കാവശ്യമാണ്. (അപ്പൊ 17:11)
2. പരിശുദ്ധാത്മ നടത്തിപ്പിനായി പ്രാർത്ഥിക്കുക. (യോഹന്ന16:13)
3. ദൈവവചനം പഠിപ്പിക്കുക, വെറുതെ വായിച്ചാൽ പോരാ. (2തിമൊഥെ 2:15)
4. പ്രധാന വാക്യങ്ങൾ മനഃപാഠമാക്കുക (സങ്കീ 119: 11)

5. പഠന സമയം ക്രമീകരിക്കുക
6. നിങ്ങൾ എന്ത് പഠിക്കുന്നുവോ അത് അനുസരിക്കുക. (യാക്കോബ് 1:22)
7. ബൈബിളിന്റെ പ്രതിപാദ്യവിഷയം ക്രിസ്തുവും ബൈബിളിന്റെ ഉദ്ദേശ്യം വീണ്ടെടുപ്പും ദൈവ സ്നേഹവും വെളിപ്പെടുത്തുകയും ആണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. (യോഹന്നാൻ 20:31)

## 4. വ്യാഖ്യാനത്തിനുള്ള ചില ചട്ടങ്ങൾ

1. ഒരു വാക്യം എഴുതപ്പെട്ട പശ്ചാത്തലത്തിൻ മാത്രമെ എപ്പോഴും അതിനെ വ്യാഖ്യാനിക്കാവു. നിങ്ങൾ പഠിക്കുന്ന വാക്യത്തിന്റെയോ, മുൻപും പിൻപും ഉള്ള അനേക വാക്യങ്ങൾ വായിക്കണം.
2. പഠിക്കുന്ന വാക്യമോ, ഭാഗമോ, സമാന്തര വേദവചനങ്ങളുമായി താരതമ്യപ്പെടുത്തുക. ഒരേ വിഷയത്തിലുള്ള അനേക വചനങ്ങൾ നമ്മുടെ ഗ്രഹണ ശക്തിയും, വ്യാഖ്യാനത്തിനുള്ള കഴിവും ബലപ്പെടുത്തും.
3. വാക്യം ആർക്ക് എഴുതി അല്ലെങ്കിൽ ആരോട് സംസാരിച്ചുവെന്നും ഏത് സാഹചര്യങ്ങളിലാ-യിരുന്നുവെന്നും ഉറപ്പു വരുത്തുക.
4. ദൈവവിധികളുടെ തത്വങ്ങളുമായി തഴക്കം വരുത്തുക. (ദൈവ വിധി എന്നത് ഒരു പ്രത്യേകയുഗത്തിൽ ദൈവം മനുഷ്യനെ മററു യുഗങ്ങളിൽ നിന്നും വ്യത്യസ്തമായി നിയോഗിക്കുന്ന വ്യവസ്ഥിതിയാണ്) (യോഹന്നാൻ 1:17)
5. ഏററവും സ്പഷ്ടവും വ്യക്തവുമായ വ്യാഖ്യാനത്തിനു മുൻതൂക്കം കൊടുക്കുക.
6. എല്ലാ വ്യാഖ്യാനങ്ങളും മൂലഭാഷകളിൽ അടിസ്ഥാനപ്പെട്ടതായിരുന്നാൽ മാത്രമേ ശരിയായും സത്യമായും ഇരിക്കുകയുള്ളു.
7. പഴയ നിയമം വ്യാഖ്യാനിക്കാൻ പുതിയ നിയമം തുടർമാനമായി ആരായണം അതുപോലെ നേരെ മറിച്ചും.

## 5. ബൈബിൾ പഠന ക്രമങ്ങൾ

1. വിഷയ സംബന്ധിയായ പഠനം
   രക്ഷ, പരിശുദ്ധാത്മാവു, നീതികരണം, നിത്യഭദ്രത, ആദിയായവ താല്പര്യമുള്ള വിഷയങ്ങളെക്കുറിച്ചു ബൈബിൾ പറയുന്നതെല്ലാം ആരാണ് ഒന്നിച്ചു ശേഖരിക്കുക.
2. പ്രതിരൂപാത്മക പഠനം
   പ്രതിരൂപങ്ങളുടെ പഠനം നടത്തുക. (പ്രതിരൂപം ആത്മീയസത്യം വർണ്ണിക്കുന്ന ദൈവ നിയോഗമാണ്) ഉദാഹരണമായി ആദം ക്രിസ്തുവിന്റെ പ്രതിരുപമാണ്. (റോമർ 5:14). മല്കീസേദെക്ക് ക്രിസ്തുവിന്റെ പ്രതിരൂപമാണ്. (എബ്രായർ 5:6)
3. ജീവചരിത്ര പഠനം
   ബൈബിൾ കഥാപാത്രങ്ങളെ വചനത്തിൽ പറഞ്ഞിട്ടുള്ള എല്ലാം ആരാഞ്ഞ്, ദൈവം അവരുമായി ഇടപെട്ട രീതി, അവരുടെ ജീവിതങ്ങൾ, മനോഭാവങ്ങൾ, വിജയങ്ങൾ, പാപങ്ങൾ കണ്ടുപിടിച്ച് പഠിക്കുക.

4. വചന പഠനം

മററു തർജ്ജമകളും, ബൈബിൾ ശബ്ദ സൂചികകളോ നിഘണ്ടുകളോ, പരിശോധിച്ച് വചനത്തിൽ പറഞ്ഞിട്ടുള്ള പ്രധാന വാക്കുകളുടെയും വചനഭാഗങ്ങളുടെയും മൂല അർത്ഥങ്ങൾ ഗ്രഹിക്കുകയും മൂല ഭാഷയിൽ തന്നെ അതേ വാക്ക് മററു എവിടെയെല്ലാം ഉപയോഗിച്ചിട്ടുണ്ടെന്ന് കണ്ടുപിടിക്കുകയും ചെയ്ത്തുകൊണ്ട് പരിശുദ്ധാത്മാവു ആശയ സംക്രമണം നടത്താൻ ശ്രമിക്കുന്ന യഥാർത്ഥ അർത്ഥം എന്താണെന്ന അറിവു നേടുക.

## 5. പുസ്തക പഠനം

ഓരോ പുസ്തകവും ആദ്യന്തം പഠിക്കുക. നിങ്ങൾ വായിക്കുമ്പോൾ സ്വയം ചോദിക്കുക "ഇതിന്റെ അർത്ഥം എന്താണ്" എന്നും "ഇത് എന്റെ ജീവിതത്തിൽ എപ്രകാരം പ്രായോഗികമാക്കും?"

## 6. നിങ്ങളുടെ ബൈബിൾ എങ്ങനെയാണ് അടയാളപ്പെടുത്തുന്നത്.

വചനം വിജയകരമായി പഠിക്കുന്നതിനുള്ള ഒരു പ്രധാന മാർഗ്ഗം ക്രമമായി ബൈബിളിൽ അടയാളപ്പെടുത്തുകയും നോട്ടു കുറിക്കുകയും ചെയ്യുന്നതാണ്.

1. ദൈവ വചനത്തിലെ പ്രധാന ഭാഗങ്ങൾ പേന കൊണ്ട് വൃത്തിയായി അടിവരയിടുക.
2. നാനാവിധ നിറത്തിലുള്ള ഹൈലൈററ് (പേന) ഉപയോഗിച്ചു വിവിധ വിഷയങ്ങൾ, പച്ച ആത്മീയ വളർച്ച, ചുവപ്പ് ക്രിസ്തുവിന്റെ മരണം ആദിയായവ അടയാളപ്പെടുത്തുക.
3. ഓരോ വാക്യത്തിനും ശേഷം പ്രതിപാദ്യം സൂചിപ്പിക്കുന്ന അക്ഷരതുണ്ടുകൾ, ഉദാഹരണമായി "S" രക്ഷയ്ക്കും (H V N) സ്വർഗ്ഗത്തിനും, ബൈബിളിൽ വെയ്ക്കുക.
4. വേദ ഭാഗങ്ങൾ വിവരിക്കുന്ന, നിങ്ങൾ അർത്ഥം കണ്ടെത്തുവാൻ ആഗ്രഹിക്കുന്ന വാക്കുകൾ, അതു പോലെ നിങ്ങളെ സഹായിക്കുന്ന കാര്യങ്ങൾ മാർജിനിൽ എഴുതുക.
5. നിങ്ങൾ പഠിച്ച വിഷയത്തെക്കുറിച്ചു ശൃംഖല സൂചന (Chain reference) പദ്ധതി നിങ്ങളുടേതായി വികസിപ്പിച്ചെടുക്കുക. ഒരു വാക്യത്തിനു ശേഷം അതിനോടനുബന്ധിച്ചു നിങ്ങൾ ഘടിപ്പിക്കാനാഗ്രഹിക്കുന്ന അടുത്ത വാക്യത്തിന്റെ സൂചന അടയാളപ്പെടുത്തി ഈ പദ്ധതി പ്രായോഗികമാക്കാം. ശൃംഖലയിൽ നിങ്ങൾ ഉൾപ്പെടുത്താനാഗ്രഹിക്കുന്ന അടുത്ത വാക്യത്തിന്റെ ആദ്യം മുമ്പിലുള്ള സൂചനയും ഒടുവിൽ അടുത്ത സൂചനയും അടയാളപ്പെടുത്തി ദ്വിവിധ സൂചന ഒരു വാക്യത്തിനു നൽകാവുന്നതാണ്. ഈ വിധത്തിൽ 'ശൃംഖല' യിലുള്ള എത് വാക്യത്തിലേക്കു തിരിഞ്ഞാലും മററു വാക്യങ്ങൾ ഏതു ദിശയിൽക്കൂടെയും ലഭിക്കും. (മുൻ വാക്യമോ അടുത്ത വാക്യമോ തിരിച്ചാലും)

# ഞങ്ങളുടെ ലക്ഷ്യം

വായക്കുക : മത്തായി 28: 18 -20


ലക്ഷ്യം : ക്രിസ്തുവിന്റെ മഹാനിയോഗം നിറവേററുന്നതിനു സഹായിക്കുക

- വാക്യം 18 - സമയത്തിന്റെ പ്രാധാന്യം നോക്കുക
- വാക്യം 18 - സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ക്രിസ്തുവിനുണ്ട്
- വാക്യം 19 - ആകയാൽ പുറപ്പെട്ടു (നില്ക്കുന്നതിന്റെ വിപരീതം)
- വാക്യം 20 - പോയി എന്തുചെയ്യണം? - ശിഷ്യരാക്കുക
    - "ആക്കുക" പുരോഗതി സൂചിപ്പിക്കുന്നു
    - "ശിഷ്യർ" "ആത്മക്കളല്ല"
        - " അതായത് ക്രിസ്തുവിന്റെ അനുയായി; ക്രിസ്ത്യാനിത്വത്തിന്റെ പക്വതയിലേക്കു വളരുന്നവൻ.

- വാക്യം 19 - "സ്നാനം കഴിപ്പിക്കുക"
    - അതായത് അവരെ ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവമായി കൊണ്ടുവരുവാൻ ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏററു പറയുക

- വാക്യം 20 - "ഉപദേശിക്കുക"
    - അതായത് അവർ വളർച്ച പ്രാപിക്കാനും തിരിഞ്ഞു മററുള്ളവരെ ക്രിസ്തുവിനു വേണ്ടി നേടാനും അവരെ പാലിക്കുക

- വാക്യം 20 - അവിടുന്നു നമ്മോടു കൂടെ എല്ലാനാളും ഉണ്ടെന്ന് വാഗ്ദത്തം ചെയ്യതു.



കുടുംബം
ജോലി
ആത്മീയ
സാമൂഹ്യ
സാമ്പത്തിക
ലൈംഗിക
സുഹൃത്തുക്കൾ
മാനസീക
ശാരീരിക
കൂട്ടായ്മ




# ഒരു ദൈവീക നേതാവിന്റെ വേദ പുസ്തക സംബന്ധിയായ ഗുണ വിശേഷങ്ങൾ

| | | | |
|---|---|---|---|
| 1. | ഒരു ദാസന്റെ ഹൃദയം | - | മർക്കോസ് 10: 42-45 |
| 2. | പരിശുദ്ധാത്മാവിനാൽ ശക്തി പ്രാപിച്ച | - | എഫെസ്യർ 5:18, അപ്പൊ 4:31, യോഹന്നാ 7: 38-39 |
| 3. | വിശ്വസ്തൻ | - | മത്തായി 25: 21 |
| 4. | ശരിയായ മുൻഗണനകൾ | - | മത്തായി 6: 33 |
| 5. | ദൈവത്തിനു ലഭ്യമുള്ളവൻ | - | റോമർ 12: 1 |
| 6. | പവിത്രതയും സത്യസന്ധതയും ഉള്ളവൻ | - | 1 തിമൊഥെ 4:12 |
| 7. | പ്രാർത്ഥനാ മനുഷ്യൻ | - | കൊലോ 1: 9-10, എഫെസ്യർ 6:18 |
| 8. | അനുകരിക്കത്തക്ക ഉത്തമ മാതൃക | - | 1 തിമൊഥെ 4:12, ഫിലി 4:9 |
| 9. | താഴ്മയുള്ളവൻ | - | 1 പത്രോസ് 5:5 - 6 |
| 10. | ക്രിസ്തുവിങ്കലേക്ക് ആളുകളെ കൊണ്ടുവരിക | - | അപ്പൊ 1:8, യോഹ 1:42 |
| 11. | മനുഷ്യരെ ശിഷ്യരാക്കുന്നവൻ | - | മത്തായി 28: 18-20 |
| 12. | ആത്മീയമായി വർദ്ധിപ്പിക്കുന്നവൻ | - | 2 തിമൊ 2:2 |
| 13. | ദൈവവചനം യഥാർത്ഥമായി പഠിപ്പിക്കുക | - | 2 തിമൊഥ 2:15, 2 തിമൊ 4:1-5 |
| 14. | ഞെരുക്കങ്ങളും പ്രതിബന്ധങ്ങളും സഹിക്കുക | - | 2 തിമൊഥ 2: 3-4 |
| 15. | ആത്മീയ പോരാട്ടത്തിൽ ഏർപ്പെടുക (ധനം, മാനം, സ്ത്രീ) | - | 1 പത്രോസ് 5:8, എഫെസ്യർ 6: 10-12 |
| 16. | ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപമാക്കുക | - | റോമർ 8:29 |